കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഒരു സമഗ്ര കുടിവെള്ള പദ്ധതിപോലുമില്ലാത്ത, രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രസ്തുത ഗ്രാമപഞ്ചായത്തുകൾക്കായി ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 59.30 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരികയാണ്.

കായംകുളം വാട്ടർ അതോറിറ്റി ആഫീസിന്റെ ജീർണ്ണാവസ്ഥ

152 (2361) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വാട്ടർ അതോറിറ്റി ആഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. 28-12-2015-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

കുടിവെള്ള പദ്ധതി

153 (2362) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക-കരിവേടകം വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്തടുക്ക-കരിവേടകം വില്ലേജുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് NRDWP-യിൽ ഉൾപ്പെടുത്തി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ സ്രോതസ്സായ ഇൻ ടേക്ക് വെൽ നിർമ്മിക്കുന്നതിന് പനത്തടി വില്ലേജിൽ ഉൾപ്പെട്ടതും റീ-സർവ്വേ നമ്പർ 271/7-ൽ വരുന്നതുമായ 10 സെന്റ് സ്ഥലം പനത്തടി പഞ്ചായത്ത് ഇതുവരെയും ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. 7.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലടാങ്ക് നിർമ്മിക്കുന്നതിന് ബന്തടുക്ക വില്ലേജിൽ റീസർവ്വേ നമ്പർ 148-ൽ 15 സെന്റ് സ്ഥലം ലഭ്യമാക്കാൻ കുറ്റിക്കോൽ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 4.5 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയ്ക്ക് ആവശ്യമായതും കരിവേടകം വില്ലേജിലെ റീ - സർവ്വേ നമ്പർ 106/1-ൽ ഉള്ളതുമായ 50 സെന്റ് സർക്കാർ വക സ്ഥലം ലഭിക്കുന്നതിനായി ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണം

154 (2363) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) മൂപ്പത്തടം ടാങ്ക് കമ്മീഷൻ ചെയ്തതിനുശേഷം പഴയ പൈപ്പ്ലൈനിലൂടെ എല്ലായിടത്തും കുടിവെള്ളം ലഭിക്കുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പഴയ പൈപ്പ്ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പദ്ധതി നടപ്പിൽ വരുന്നതിന് അടിയന്തരമായി അനുമതി നൽകുമോ ;

(ഡി) വരാപ്പുഴ - കടമക്കുടി ലൈനിൽ കുറ്റമറ്റ രീതിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly